ഉത്തരം

(എ) ആറ് ലക്ഷം രൂപ.

(ബി) 31-1-2014-ലെ സ.ഉ.(കൈ) നമ്പർ. 05/2014/പിസവിവ പ്രകാരമാണ് മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിച്ചത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആശ്രിത നിയമന പദ്ധതിയുടെ വരുമാന പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഡൽഹി കേരളഹൗസിലെ നിയമനങ്ങൾ

31 (6177) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഡൽഹി കേരളാ ഹൗസിലെ വിവിധ തസ്തികകളിലേക്ക് എത്ര താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ട് ; ഈ കാലയളവിൽ ഇവിടെയുള്ള വിവിധ തസ്തികകളിലേക്ക് എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) താൽക്കാലിക നിയമനത്തിനായി ഇന്റർവ്യൂ ബോർഡ് രൂപീകരിക്കുകയും സർട്ടിഫിക്കറ്റുകൾ പരിശോധിക്കുകയും ചെയ്തിരുന്നോ ; ഇതിനായി സ്വീകരിച്ച നിയമനരീതി വിശദമാക്കാമോ ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാഹൗസിൽ വിവിധ തസ്തികകളിലേക്ക് 32 പേരെ താൽക്കാലികമായി നിയമിച്ചിരുന്നു. ഇതിൽ 10 പേർ നിലവിൽ ജോലി ചെയ്യുന്നില്ല. ഇക്കാലയളവിൽ താൽക്കാലിക ജീവനക്കാരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) താൽക്കാലിക നിയമനത്തിനായി ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

വിദ്യാഭ്യാസ വായ്പാ പദ്ധതി

32 (T 6178) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ വായ്പാപദ്ധതി സുതാര്യമാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly